# ഉള്ളടക്കം

**യൂണിറ്റ് 1: വി. വേദപുസ്തക കഥകൾ**

പാഠം 1: മോശ - കൊട്ടാരത്തിൽ ........ 11

പാഠം 2: മോശയെ ദൈവം വിളിക്കുന്നു ........ 14

പാഠം 3: മിസ്രയീമിൻമേൽ ഉണ്ടാകുന്ന പത്തു ബാധകൾ ........ 17

പാഠം 4: യിസ്രായേൽ ജനത വിടുവിക്കപ്പെടുന്നു ........ 20

പാഠം 5: യിസ്രായേൽ ജനതയുടെ മരുഭൂയാത്ര ........ 24

പാഠം 6: കർത്താവിന്റെ ഉപമകൾ ........ 27

പാഠം 7: കർത്താവിന്റെ മറുരൂപം ........ 32

പാഠം 8: കർത്താവ് പഠിപ്പിച്ച പ്രാർത്ഥന ........ 36

പാഠം 9: ഞാൻ നല്ല ഇടയൻ ആകുന്നു ........ 44

പാഠം 10: കർത്താവിന്റെ ഗിരിപ്രഭാഷണം ........ 49

**യൂണിറ്റ് 2: പ്രാർത്ഥന**

പാഠം 11: വി. കുർബ്ബാനയിലെ പ്രതിവാക്യങ്ങൾ
- പഴയനിയമ വായന ........ 54

പാഠം 12: വി. കുർബ്ബാനയിലെ ശ്ലീഹാവായന ........ 57

പാഠം 13: പ്രഭാത സ്തുതിപ്പ് ........ 60

**യൂണിറ്റ് 3: ആരാധനാ ഗീതങ്ങൾ**

പാഠം 14: ശ്ലീഹാവായനയ്ക്കു മുമ്പുള്ള ഗീതങ്ങൾ ........ 63

പാഠം 15: ഏവൻഗേലിയോനു ശേഷമുള്ള ഗീതങ്ങൾ ........ 67

**യൂണിറ്റ് 4: എന്റെ സഭ**

പാഠം 16: സഭ അപ്പോസ്തോലികകാലത്ത് ........ 70

പാഠം 17: മലങ്കരസഭ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചു: തെളിവുകൾ ........ 73

## നമുക്ക് പാടാം

ആകാശം മാറും ഭൂതലവും മാറും
ആദിമുതൽക്കേ മാറാതുള്ളത്
തിരുവചനം മാത്രം...
കാലങ്ങൾ മാറും രൂപങ്ങൾ മാറും
അന്നും ഇന്നും മായാതുള്ളത്
തിരുവചനം മാത്രം
വചനത്തിന്റെ വിത്തു വിതയ്ക്കാൻ പോകാം..
സ്നേഹത്തിന്റെ കതിരുകൾ കൊയ്യാൻ പോകാം

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ.... നല്ലനിലത്ത് വീണ വിത്തുപോലെ ഫലം തരുവാൻ ഞങ്ങളുടെ മനസ്സിനെ ഒരുക്കണമേ. ഏതു പ്രതിസന്ധികളും പ്രയാസങ്ങളും ഉണ്ടായാലും, അതിലൊന്നും പതറാതെ, അവിടുത്തെ തിരുവചനം പ്രമാണിച്ച് ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമെ... ആമ്മീൻ*

### നിശ്ചയം

**ദൈവവചനത്തിൽ അടിയുറച്ച് വിശ്വസിച്ച് ഞങ്ങൾ ജീവിക്കും, പതിവായി തിരുവചനം വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | വി. ലൂക്കോസ് 7:36-50 | വി. ലൂക്കോസ് 8:4-15 |
| തിങ്കൾ | വി. ലൂക്കോസ് 10:25-40 | വി. ലൂക്കോസ് 12:13-21 |
| ചൊവ്വ | വി. മത്തായി 13:44-45 | വി. ലൂക്കോസ് 13:6-9 |
| ബുധൻ | വി. മത്തായി 13:47-50 | വി. ലൂക്കോസ് 13:18-21 |
| വ്യാഴം | വി. ലൂക്കോസ് 12:13-33 | വി. ലൂക്കോസ് 14:15-24 |
| വെള്ളി | വി. ലൂക്കോസ് 15:1-10 | വി. ലൂക്കോസ് 15:11-31 |
| ശനി | വി. ലൂക്കോസ് 16:1-8 | വി. ലൂക്കോസ് 18:9-14 |

**നിശ്ചയം**

**യേശു ദൈവപുത്രനാണ് എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.**

**ഞങ്ങൾ യേശുവിന്റെ ശബ്ദം കേട്ട് അവനെ അനുസരിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | വി. മർക്കോസ് 9:2-8 | വി. മത്തായി 17:1-8 |
| തിങ്കൾ | വി. ലൂക്കോസ് 9:28-36 | 2 പത്രോസ് 1:6-8 |
| ചൊവ്വ | 2 രാജാ. 2:1-4 | 2 കൊരി. 3:12-18 |
| ബുധൻ | 2 രാജാ. 2:5-14 | 2 കൊരി. 4:1-6 |
| വ്യാഴം | വി. മത്തായി 5:17-20 | 2 കൊരി. 4:7-12 |
| വെള്ളി | വി. മത്തായി 20:20-28 | 2 കൊരി. 4:13-18 |
| ശനി | വി. മർക്കോസ് 10:35-45 | വി. മത്തായി 22:23-33 |

ഇന്നാവശ്യമായുള്ള ആഹാരമേകി നീ...
ഞങ്ങളെ പോറ്റിപുലർത്തിടേണം
ഞങ്ങൾ ക്ഷമിക്കുന്നപോലെ നീ ദൈവമേ...
ഞങ്ങളോടും ക്ഷമിച്ചീടണമെ....

ശോധനവേളകളൊക്കെ ഒഴിവാക്കി
ദുഷ്ടനിൽനിന്നും രക്ഷിച്ചിടേണം
രാജ്യവും ശക്തിമഹത്വങ്ങളൊക്കെയും
എന്നുമെന്നേക്കും നിൻ സ്വന്തമല്ലോ. ആമ്മീൻ.

## നമുക്ക് പ്രാർത്ഥിക്കാം

*സ്നേഹവാനായ യേശുവേ... അങ്ങ് പഠിപ്പിച്ച പ്രാർത്ഥന നിത്യവും പ്രാർത്ഥിക്കുവാൻ ഞങ്ങളെ ഉത്സാഹമുള്ളവരാക്കണമെ. ആ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്ന ദൈവികസത്യങ്ങൾ മനസ്സിലാക്കി ഹൃദയപൂർവ്വം പ്രാർത്ഥിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ.*

### നിശ്ചയം

**കർത്താവു പഠിപ്പിച്ചുതന്ന കർത്തൃപ്രാർത്ഥന നിത്യവും ഞങ്ങൾ ധ്യാനപൂർവ്വം ചൊല്ലും; അതുമൂലം സന്തോഷവും സംതൃപ്തിയും അനുഭവിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | വി. ലൂക്കോസ് 6:37-38 | വി. മത്തായി 6:1-4 |
| തിങ്കൾ | വി. ലൂക്കോസ് 6:27-31 | വി. മത്തായി 6:5-6 |
| ചൊവ്വ | വി. മത്തായി 6:32-36 | വി. മത്തായി 6:7-15 |
| ബുധൻ | വി. മത്തായി 11:9-13 | വി. മത്തായി 6:16-18 |
| വ്യാഴം | സങ്കീ. 25:1-7 | വി. മത്തായി 6:19-23 |
| വെള്ളി | സങ്കീ. 25:8-16 | വി. മത്തായി 6:24-27 |
| ശനി | സങ്കീ. 25:16-22 | വി. മത്തായി 6:28-34 |

ടീച്ചർ: കാട്ടത്തിമേൽ കയറിയിരുന്ന സക്കായിയെ കർത്താവ് പേരുചൊല്ലി വിളിച്ച സംഭവം നമുക്ക് അറിയാമല്ലോ.

മറ്റൊരുകുട്ടി: ഇടയൻ ആടുകൾക്കു മുമ്പായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു.

ടീച്ചർ: കർത്താവിന്റെ ദിവ്യവചനങ്ങൾ കേൾക്കുവാനായി ജനം താല്പര്യത്തോടെ അവനെ തിരക്കി ചെന്നു. എന്തുകൊണ്ടായിരിക്കാം ജനം ഇത്ര താല്പര്യത്തോടെ ഓടിക്കൂടിയത്?

കുട്ടികൾ: അവൻ നല്ല ഇടയനായതുകൊണ്ടാണ് ടീച്ചർ.

ടീച്ചർ: വളരെ ശരിയാണ്. ഇന്നും ആ നല്ല ഇടയൻ നമ്മെ പരിപാലിച്ചുകൊണ്ട് നമ്മോടൊപ്പം എപ്പോഴും ഉണ്ട്. ശരിയല്ലേ?

നല്ല ഇടയന്റെ മറ്റൊരു പ്രത്യേകത ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്നു എന്നതാണ്. എല്ലാവരും യോഹ. 10:11-13 വാക്യങ്ങൾ നോക്കുക.

ഇടയനും ഉടമസ്ഥനും അല്ലാത്ത കൂലിക്കാരനാണെങ്കിൽ കാട്ടുമൃഗങ്ങൾ ആക്രമിക്കുമ്പോൾ ആടുകളെ വിട്ടിട്ട് ഓടിപ്പോകും, എന്നാൽ യേശുവാകുന്ന നല്ല ഇടയൻ തന്റെ ജീവൻ തന്ന് നമ്മെ വീണ്ടെടുത്തവനാണ്. എവിടെവച്ച്.

കുട്ടികൾ: കാൽവറിക്രൂശിൽ.

**ഞാൻ... ആകുന്നു എന്ന് യേശു പറഞ്ഞ ഏഴ് വചനങ്ങൾ നമുക്ക് കണ്ടുപിടിക്കാം.**

ടീച്ചർ പറയുന്ന വാക്യങ്ങൾ എല്ലാവരും എടുത്ത് വായിക്കുക. എല്ലാം വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽനിന്ന് ആണ്.

1. വി. യോഹ. 10:11 ........................................................................................
2. വി. യോഹ. 10:9. ........................................................................................
3. വി. യോഹ. 6:35 ........................................................................................
4. വി. യോഹ. 8:12 ........................................................................................
5. വി. യോഹ. 11:25. ........................................................................................
6. വി. യോഹ. 14:6 ........................................................................................
7. വി. യോഹ. 15:5 ........................................................................................

ഈ വചനങ്ങൾ ഓരോന്നിനും ചുരുങ്ങിയ വിശദീകരണം ടീച്ചർ നൽകുന്നത് ശ്രദ്ധിക്കണം. സംശയങ്ങൾ ചോദിക്കുകയുമാവാം. ഈ വചനങ്ങൾ അടങ്ങിയ ചാർട്ട് ടീച്ചർ കാണിക്കുന്നു. കുട്ടികൾ വായിക്കുന്നു.

### യേശുവിന്റെ ഏഴ് 'ഞാൻ... ആകുന്നു' വചനങ്ങൾ

1. ഞാൻ നല്ല ഇടയൻ ആകുന്നു. (വി. യോഹ. 10:11)
2. ഞാൻ വാതിൽ ആകുന്നു. (വി. യോഹ. 10:9)

## ഭാഗ്യവർണ്ണനകൾ

പർവ്വത പ്രസംഗത്തിന്റെ പ്രാരംഭ ഭാഗത്ത് എട്ട് ഭാഗ്യവർണ്ണനകൾ നൽകിയിരിക്കുന്നു. യഥാർത്ഥ അനുഗൃഹീതർ ആരാണെന്ന് യേശു പ്രഖ്യാപിക്കുന്നു. ടീച്ചർ ഒരു കുട്ടിയോട് ബൈബിളിൽനിന്ന് ഈ ഭാഗം വായിക്കുവാൻ ആവശ്യപ്പെടുന്നു. (വി. മത്തായി 5:3-10) മറ്റുള്ളവർ വേദപുസ്തക ഭാഗം എടുത്ത് ശ്രദ്ധിക്കുന്നു.

ഇപ്പോൾ എട്ട് ഭാഗ്യവർണ്ണനകൾ നമ്മൾ വായിച്ചു. ഓരോന്നും സൂക്ഷ്മമായി നോക്കിയിട്ട് വ്യക്തമല്ലാത്തതോ, മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതോ ആയ ഭാഗമുണ്ടെങ്കിൽ കണ്ടുപിടിക്കുക. അത് നമുക്ക് വിശദമായി മനസ്സിലാക്കാം.

ഒരാൾ: 'ആത്മാവിൽ ദരിദ്രരായവർ' എന്നതുകൊണ്ട് എന്താണ് ടീച്ചർ അർത്ഥമാക്കുന്നത്.

ടീച്ചർ: നമുക്ക് എല്ലാം നൽകുന്നത് ദൈവമാണ്. എല്ലാ നല്ല ദാനങ്ങളും ദൈവത്തിൽനിന്നു വരുന്നു. ആകയാൽ നാം വിനയമുള്ളവരും ദൈവത്തോട് നന്ദിയുള്ളവരുമായിരിക്കണം. 'ആത്മാവിൽ ദരിദ്രനായ' ഒരാൾ ഒരിക്കലും ഗർവ്വിയോ, അഹംഭാവിയോ ആകയില്ല, അയാൾ വിനയമാനസനായിരിക്കും.

ഇതുപോലെ മറ്റുള്ളവയ്ക്ക് ടീച്ചർ നൽകുന്ന വിശദീകരണം മനസ്സിലാക്കുക. ഇനി നമുക്ക് മറ്റ് പ്രധാനപ്പെട്ട ആശയങ്ങൾ പരിശോധിക്കാം.

### 1. നിങ്ങൾ ഭൂമിയുടെ വെളിച്ചവും ഉപ്പും ആകുന്നു

ടീച്ചർ: എന്താണ് വെളിച്ചത്തിന്റെ പ്രാധാന്യം?

പ്രകാശകിരണങ്ങൾ ചുറ്റും പരത്തുന്നു. നമുക്ക് എല്ലാം കാണുവാൻ സഹായിക്കുന്നു. നാം തന്നെ മറ്റുള്ളവർക്ക് വെളിച്ചമായിരിക്കണം എന്നാണ് കർത്താവ് പഠിപ്പിച്ചത്.

ടീച്ചർ: എന്താണ് ഉപ്പിന്റെ പ്രത്യേകത?

ഭക്ഷണത്തിന് രുചി നൽകുക, സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുക തുടങ്ങിയവ. നമ്മുടെ ജീവിതം അന്യർക്ക് ഗുണകരമായിത്തീരണമെന്ന് സാരം.

### 2. മോശയുടെ ന്യായപ്രമാണത്തിലെ ചില നിയമങ്ങൾക്ക് യേശു പുതിയ വ്യാഖ്യാനം നൽകുന്നു.

ടീച്ചർ പറയുന്ന ഉദ്ധരണികൾ വായിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

ടീച്ചർ: വി. മത്തായി 5:17 വായിക്കുക. ഒരു കുട്ടി വായിക്കുന്നു.

ടീച്ചർ: പത്തുകല്പനകളിലൊന്ന് ഇപ്രകാരമാണ് "കൊല ചെയ്യരുത്" കൊല ചെയ്യുന്നവൻ ന്യായം വിധിക്കപ്പെടും എന്നാൽ ഇതിന് യേശു വിശദീകരണം നൽകുന്നത് കൊല ചെയ്യുന്നതുമാത്രമല്ല സഹോദരനോടു കോപിക്കുന്നതും, നിസ്സാരാ (ഭോഷാ) എന്നു വിളിക്കുന്നതുപോലും ശിക്ഷാർഹമാണ് എന്നാണ്.

3. ക്രിസ്തു തന്നെ കൂദാശയാണെന്നുപറയുമ്പോൾ അതേപ്പറ്റി ഒരു ആശയം രൂപപ്പെട്ടിട്ടുണ്ടോ എന്ന് ചർച്ചകളിൽക്കൂടി വ്യക്തമാക്കുക.
4. ദൈവീകരണമാണ് കൂദാശകളുടെ എല്ലാം ആത്യന്തിക ലക്ഷ്യമെങ്കിൽ, വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി കൂദാശകൾ നടത്താമോ എന്നതിനെപ്പറ്റി കൂട്ടായി ചിന്തിക്കുക.

## പ്രാർത്ഥന

*കൂദാശകളിലെ വിശുദ്ധ കർമ്മങ്ങളിലൂടെ ദൈവത്തിന്റെ കൃപകൾ പ്രാപിപ്പാൻ ഞങ്ങളെ സഹായിക്കണമേ.*

## നിശ്ചയം

**തുടർച്ചയായുള്ള വി. കുമ്പസാരത്തിലൂടെയും വി. കുർബ്ബാന അനുഭവത്തിലൂടെയും വിശുദ്ധിയിലേക്ക് വളരുവാൻ ഞങ്ങൾ ശ്രമിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | വി. മർക്കോസ് 1:9-11 | വി .മത്തായി 28:19-20, വി. യോഹന്നാൻ 3:5 |
| തിങ്കൾ | അ. പ്ര. 19:1-6 | അ .പ്ര. 8:14-17 |
| ചൊവ്വ | യാക്കോബ് 5:14-15 | വി. മർക്കോസ് 19:22-25 |
| ബുധൻ | 1 കൊരി. 11:23-26 | വി. മർക്കോസ് 2:1-10 |
| വ്യാഴം | വി. യോഹന്നാൻ 20:21-23 | വി. മർക്കോസ് 6:12-13 |
| വെള്ളി | അ. പ്ര. 20:25-31 | വി. മർക്കോസ് 10:2-12 |
| ശനി | എഫെ. 5:32-33 | വി. മർക്കോസ് 3:13-19 |

## പ്രാർത്ഥന

*വിശുദ്ധനായ യൗസേപ്പേ കഷ്ടതകളിൽ തളർന്നുപോകാതെ കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നുവെന്ന് അറിഞ്ഞ് കഷ്ടതയിലും പ്രശംസിപ്പാൻ, അങ്ങയുടെ പുത്രനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.*

**നിശ്ചയം**

**കർത്താവിന്റെ കല്പനകളോട് എന്നും നീതിപുലർത്തിക്കൊണ്ട് ഞങ്ങൾ ജീവിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | വി. മത്തായി 1:1–16 | വി. മത്തായി 1:18–24 |
| തിങ്കൾ | പുറപ്പാട് 20:8–12 | വി. മത്തായി 2:1–12 |
| ചൊവ്വ | സദൃ. 6:20–23 | വി. മത്തായി 2:13–18 |
| ബുധൻ | ഉല്പത്തി 2:18–25 | വി. മത്തായി 2:19–23 |
| വ്യാഴം | 1 കൊരി. 3:9–12 | വി. ലൂക്കോസ് 2:1–7 |
| വെള്ളി | 1 പത്രോസ് 5:5–7 | വി. ലൂക്കോസ് 2:2124 |
| ശനി | വി. ലൂക്കോസ് 2:41–51 | വി. ലൂക്കോസ് 2:25–38 |

2. പത്തുകന്യകമാരുടെ ഉപമ വിദ്യാർത്ഥികൾ സംഭാഷണരൂപത്തിൽ തയ്യാറാക്കുക.

3. യാക്കോബ് ശ്ലീഹാ പറയുന്ന വാക്യം ആരോടാണ് പറയുന്നത്. വി. വേദപുസ്തകം വായിച്ചു കണ്ടുപിടിക്കുക.

## ഗുണപാഠം

**ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്യുമ്പോൾ അത് വിജയത്തിന്റെ സോപാനത്തിലേക്ക് നമ്മെ കൊണ്ടുപോകും. അത് ജീവിതം തൃപ്തികരമാകുവാൻ ഇടയാകും.**

## പ്രാർത്ഥന

*കർത്താവേ, എല്ലാ ജോലികളും കൃത്യതയോടെയും വിശ്വസ്തതയോടെയും ചെയ്യുവാൻ ആവശ്യമായ കൃപ ഞങ്ങൾക്കു നൽകണമേ.*

## നിശ്ചയം

**സമയം വിലയേറിയതായി കരുതി എപ്പോഴും എല്ലാ കാര്യങ്ങളിലും കൃത്യനിഷ്ഠയുള്ള ജീവിതം ഞാൻ നയിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | | വി. യാക്കോബ് 4:13-17 |
| തിങ്കൾ | വി. ലൂക്കോസ് 16:1-4 | വി. മത്തായി 5:13-16 |
| ചൊവ്വ | വി. ലൂക്കോസ് 16:5-9 | എഫെ. 5:15-21 |
| ബുധൻ | വി. ലൂക്കോസ് 16:9-13 | 1 തെസ്സ. 5:1- 6 |
| വ്യാഴം | വി. ലൂക്കോസ് 19:11-27 | 1 തീമോ. 6:3-10 |
| വെള്ളി | വി. മത്തായി 25:1-13 | 1 തീമോ. 6:11-16 |
| ശനി | വി. മത്തായി 25:14-30 | വി. യോഹന്നാൻ 5:1-4 |